ആവശ്യമായ വെള്ളം തുടർന്നും ലഭ്യമാക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. ഈ കാര്യത്തിൽ ആർക്കും യാതൊരു ആശങ്കയ്ക്കും സ്ഥാനമില്ല. ഉദ്ദേശിച്ച സമയത്തിന് എല്ലാം പൂർത്തീകരിക്കാൻ ആവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, സമയബന്ധിതമായി ഈ പരിപാടികൾ മുഴുവൻ നടത്താൻ, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷനായി, വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പീരിയോഡിക്കലായി മോണിറ്റർ ചെയ്യാനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. പി. ശങ്കരൻ: ബന്ധപ്പെട്ട മെഡിക്കൽ കോളേജിലെ പ്രിൻസിപ്പൽ, സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, ആർ. എം. ഒ. തുടങ്ങിയവരുമായി ഡി. എം. ഇ.-യും ആരോഗ്യ വകുപ്പുമന്ത്രിയും ഹെൽത്ത് സെക്രട്ടറിയും ചർച്ച നടത്തിവരുന്നുണ്ട്. പ്രത്യേകമായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല. ആ കമ്മിറ്റിയുണ്ടായാലും കാര്യമായിട്ടൊന്നും ചെയ്യാൻ സാധിക്കുകയില്ല. അതു ചെയ്യേണ്ടത് ഗവൺമെന്റാണ്.

(2) ഇടുക്കി വികസന അതോറിറ്റി അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പിന്നോക്ക ജില്ലയായ ഇടുക്കി രൂപീകൃതമായത് 1972-ലാണ്. ജില്ലാ ആസ്ഥാന വികസനത്തിനുവേണ്ടി ഗവൺമെന്റ് ഓർഡർ(Ms.) No. 240/80/LA&FWD പ്രകാരം 1980-ൽ ഇടുക്കി വികസന അതോറിറ്റി രൂപീകരിച്ചു. വികസന പ്രവർത്തനങ്ങൾക്കായി 474 ഹെക്ടർ വനഭൂമി വികസന അതോറിറ്റിക്ക് കൈമാറുന്നതിന് ഉത്തരവു നൽകി. ഐ. ഡി. എ.-യ്ക്ക് ഭൂമി വിട്ടുകിട്ടിയതിനുശേഷം 1981-ൽ അന്നത്തെ ഐ. ഡി. എ. ചെയർമാനായിരുന്ന കളക്ടർ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വനസംരക്ഷണ നിയമം ഐ. ഡി. എ.-യ്ക്ക് ബാധകമാകുമോ എന്ന് വിശദീകരണം തേടി. ഇക്കാരണത്താൽ ഐ. ഡി. എ.-യ്ക്ക് ഭൂമിയിൽ അവകാശമില്ലെന്നുള്ള തെറ്റായ ധാരണ ഔദ്യോഗിക തലത്തിൽ പ്രചരിച്ചു. ആയതിനാൽ വർഷങ്ങളോളം വികസന പ്രവർത്തനങ്ങൾ നടന്നില്ല. എന്നാൽ 1998-ൽ എല്ലാ നൂലാമാലകൾക്കും വിരാമമായി. ഐ. ഡി. എ.-യ്ക്ക് 322.974 ഹെക്ടർ ഭൂമിയുണ്ട്. ഇടുക്കി ആസ്ഥാന വികസനം ചണ്ഡീഗാർ മോഡലിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളതെങ്കിലും വികസന പ്രവർത്തനംകൊണ്ട് യാതൊന്നും നടന്നിട്ടില്ല. ഒരു പക്ഷേ സ്വാഭാവിക വികസനംപോലും നടക്കാത്ത ഒരു ജില്ലാ ആസ്ഥാനമായിരിക്കും ഇടുക്കി. 22 ജീവനക്കാരുമായി പ്രവർത്തനം ആരംഭിച്ച വികസന അതോറിറ്റിയിൽ ഇപ്പോൾ ഒരു ഡെപ്യൂട്ടി ടൗൺ പ്ലാനർ മാത്രമാണ് ജീവനക്കാരനായിട്ടുള്ളത്. ബി. ഒ. ടി. വ്യവസ്ഥയിൽ അംഗീകൃത ജനക്ഷേമ പദ്ധതികൾക്ക് വിദേശ മലയാളികളും നോർക്കയും സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷ നൽകിയെങ്കിലും പദ്ധതികളൊന്നും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2001 ഫെബ്രുവരിയിൽ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ബി. ഒ. ടി. വ്യവസ്ഥയിൽ പദ്ധതി നടപ്പാക്കാൻ അപേക്ഷ ക്ഷണിച്ചിരുന്നു. 24 അപേക്ഷകർ സന്നദ്ധത പ്രകടിപ്പിച്ച് അപേക്ഷ നൽകി. അതിലൂടെ 100 കോടി രൂപയുടെ പ്രവർത്തനം നടത്താൻ കഴിയും, എന്നാൽ കൺസൾട്ടൻസിയെ നിയമിക്കാത്തതിനാൽ പ്രസ്തുത പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിയുന്നില്ല. കൺസൾട്ടൻസിയെ നിയമിക്കുന്നതിനായി രൂപീകരിച്ച ഉന്നതതല സെക്രട്ടറിയുടെ കമ്മിറ്റി വിളിച്ചു ചേർക്കാൻ രണ്ടു വർഷമായിട്ടും കഴിഞ്ഞിട്ടില്ല എന്നുള്ളത് ദുഃഖകരമാണ്. വികസന അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും പണം നൽകിയിട്ടില്ല. മറ്റ് ഡെവലപ്പ്മെന്റ് അതോറിറ്റികൾക്ക് തുകകൾ ലഭിക്കുമ്പോൾ ഐ. ഡി. എ.-യ്ക്ക് 6 മാസം പ്രവർത്തിക്കാനുള്ള establishment grant പോലും നൽകിയിട്ടില്ല. ഇടുക്കി വികസന അതോറിറ്റിയുടെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനാവശ്യമായ ജീവനക്കാരെ ലഭ്യമാക്കുക, ഐ. ഡി. എ.-യ്ക്ക് സ്ഥിരമായി ഒരു സെക്രട്ടറിയെ നിയമിക്കുക, ബി. ഒ. ടി. പദ്ധതികൾ നടപ്പാക്കുന്നതിന് അടിയന്തിരമായി ഒരു കൺസൾട്ടൻസിയെ നിയമിക്കുക, വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് inter department norms പ്രകാരം ഭൂമി വിട്ടുകൊടുക്കുന്നതിന് ഐ. ഡി. എ.-യ്ക്കു മുമ്പ് സർക്കാർ നൽകിയിരുന്ന അധികാരം പുനഃസ്ഥാപിച്ചു നൽകുക തുടങ്ങിയ ആവശ്യങ്ങളിലേക്കാണ് ഞാൻ ശ്രദ്ധക്ഷണിക്കുന്നത്. ഇതിലുള്ള എല്ലാ തടസ്സങ്ങളും നീക്കി ജില്ലാ ആസ്ഥാന വികസനം യാഥാർത്ഥ്യമാക്കുന്നതിനും ഇടുക്കിയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും അതുപോലെ ജില്ലാ ആസ്ഥാനത്തിന്റെ വികസനത്തിനും നല്ല രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ഇക്കാര്യത്തിൽ അടിയന്തിരമായ ശ്രദ്ധയുണ്ടാകണമെന്നാണ് എന്റെ അപേക്ഷ.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): സർ, ഇടുക്കി ജില്ലാ ആസ്ഥാന വികസനം ലക്ഷ്യമാക്കിയാണ് ഇടുക്കി വികസന അതോറിറ്റി രൂപീകരിച്ചിരിക്കുന്നത്. ഭൂപ്രകൃതിയുടെ പരിമിതികളും പാരിസ്ഥിതിക അസന്തുലിതാവസ്ഥയും നിലനിൽക്കെത്തന്നെ ഇടുക്കിയെ കേരളത്തിലെ ആദ്യ ആസൂത്രിത നഗരമാക്കി മാറ്റിയെടുക്കുക എന്നുള്ള ലക്ഷ്യം ഇടുക്കി വികസന അതോറിറ്റി രൂപീകരണത്തിന്റെ പിന്നിലുണ്ട്. ബി. ഒ. ടി. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടൻസിയുടെ നിയമനം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ മറ്റു വിധത്തിലോ നിയമിക്കുന്നതാണ്. ഇടുക്കി വികസന അതോറിറ്റിയിൽ സ്ഥിരമായി സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. 2003-2004 സാമ്പത്തിക വർഷത്തിൽ കൊല്ലം, ഇടുക്കി, തൃശ്ശൂർ എന്നീ വികസന അതോറിറ്റികൾക്കായി establishment grant ഇനത്തിലുള്ള ധനസഹായമായി 27 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിഹിതം ഇടുക്കി വികസന അതോറിറ്റിക്കും ലഭിക്കുന്നതാണ്. ഇടുക്കി ആസൂത്രിത നഗരമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ remunerative പദ്ധതികൾ ബി. ഒ. ടി. അടിസ്ഥാനത്തിലും non-remunerative പദ്ധതികൾ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലും ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള concept paper സർക്കാർ തലത്തിൽ ചർച്ച ചെയ്യുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടൻസിയെ നിയമിക്കുവാൻവേണ്ടി ഒരു ഉന്നതതല കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മന്ത്രിയുടെ മറുപടി വളരെ ആശാവഹമാണ്. ആ നിലയിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് പെട്ടെന്നുതന്നെ മുന്നോട്ടു പോകുന്നതിനു വേണ്ടി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല യോഗം വിളിച്ചു ചേർക്കാൻ തയ്യാറാകുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഇടുക്കി വികസന അതോറിറ്റിയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി എം. എൽ. എ.-മാരടക്കമുള്ള ജനപ്രതിനിധികളും അതുപോലെ കമ്മിറ്റിയുടെ ബന്ധപ്പെട്ടവരുമായുള്ള യോഗം അടുത്തുതന്നെ വിളിച്ചു ചേർക്കാൻ ആഗ്രഹിക്കുന്നു.

III. സബ്മിഷൻ

(1) ഗോവധ നിരോധന ബിൽ പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെൻറിന്റെ തീരുമാനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, രാജ്യവ്യാപകമായി ഗോവധനിരോധനം നടപ്പാക്കാനുള്ള ബിൽ പാർലമെന്റിന്റെ നടപ്പുസമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. ഗോവധ നിരോധനം നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റുകൾ നിർബന്ധിതമാകുന്നതാണ് നിർദ്ദിഷ്ട ബിൽ. മൃഗസംരക്ഷണം ഭരണഘടനയിൽ സംസ്ഥാന വിഷയമായതിനാൽ സംസ്ഥാന സർക്കാരുകൾക്ക് താൽപ്പര്യമുണ്ടെങ്കിൽ മാത്രം നിയമസഭയ്ക്ക് പ്രമേയം പാസ്സാക്കി നടപ്പാക്കുന്ന തരത്തിൽ നിയമം കൊണ്ടുവരാനായിരുന്നു ആദ്യം ഉദ്ദേശിച്ചത്. ഇപ്പോൾ അത് മാറി ഭരണഘടനയിലെ പൊതു പട്ടികയിൽ 17-ാം വിഷയത്തിൽപ്പെടുത്തി മൃഗങ്ങൾക്കെതിരായ ക്രൂരത തടയാനും, ഗോവധ നിരോധന നിയമം കൊണ്ടുവരാനുമാണ് കേന്ദ്രം തീരുമാനിച്ചിരിക്കുന്നത്. ഈ ബിൽ പാസ്സാക്കപ്പെട്ടാൽ കേരളത്തിൽ പശു, കാള കശാപ്പും മാംസ വിൽപ്പനയും നിയമവിരുദ്ധമാകും. അയൽ സംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ കേരളത്തിൽ കൊണ്ടുവരാൻ കഴിയാതെയും കേരളത്തിൽ പശു, കാള കശാപ്പുശാലകളെല്ലാം അടച്ചു പൂട്ടേണ്ടിയും വരും. കേരളത്തിൽ കനത്ത സാമ്പത്തിക നഷ്ടമുണ്ടാകും. ജനങ്ങളിലാണെങ്കിൽ വലിയൊരു ശതമാനം ആളുകൾ ഈ മാംസം കഴിക്കുന്നവരാണ്. സാധാരണക്കാരന് പോക്കറ്റിൽ വലിയ ഭാരമില്ലാത്ത പോഷക സമൃദ്ധമായ ഒരു ഭക്ഷണ സാധനമാണിത്. മാത്രമല്ല,

LIBRARY ARCHIVES Kerala Legislative Assembly